LIBRARY ARCHIVES Kerala Legislative Assembly

കൊടുവള്ളി നിയോജകമണ്ഡലത്തിലെ റോഡുകളും പാലങ്ങളും

149 [2220] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ എത്ര ഗ്രാമീണ റോഡുകൾ 2004-05-ൽ മരാമത്ത് വകുപ്പ് ഏറ്റെടുത്തു എന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ റോഡുകളുടെ വികസനത്തിനും ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇവയുടെ വികസന പ്രവൃത്തികൾക്ക് എന്നത്തേക്ക് നടപ്പിലാകുമെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിൽ നബാർഡ് സഹായത്തോടെ വികസന പ്രവർത്തികൾ നടത്തുന്നതിന് ഏതെല്ലാം റോഡുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ഇ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പാലങ്ങളാണ് നബാർഡ് സഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്നത്;

(എഫ്) ഇതിനായി എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(ജി) ഈ പാലങ്ങളുടെ പ്രവർത്തി എപ്പോൾ ടെണ്ടർ ചെയ്യാനാകുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2004-05-ൽ കൊടുവള്ളി നിയോജകമണ്ഡലത്തിൽ ഏറ്റെടുത്ത ഗ്രാമീണ റോഡുകൾ ഇവയാണ്.

1. ഈയാട് എളയാറ്റിൽ വട്ടോളി പള്ളിയോത്ത് റോഡ്.
2. പന്നൂർ നരിക്കുന്നി നെല്ലിയോരിത്താഴം പട്ടയാട്ടുതാഴം പുന്നശ്ശേരി റോഡ്.
3. പാലത്ത് പലോളിതാഴം റോഡ്.
4. കൊട്ടയാട്ട്താഴം കൊട്ടുപ്പാറ പാലങ്ങാട് റോഡ്.
5. പുത്തലത്തുകുഴി ചിപ്പാത്തിക്കുഴി അമ്പലപ്പാട് ചെറുവത്തുതാഴം റോഡ്.
6. നാലുപുരക്കൽ ചെമ്പക്കുന്ന് നെല്ലോടിത്താഴം തച്ചൻതാഴം റോഡ്.
7. അരംമ്പറം പുറ്റുമണ്ണിൽ താഴം റോഡ്.

8. ആവിലോറ പുത്തലത്ത് മടവൂർമുക്ക് റോഡ്.

9. കൊടുവള്ളി ഹൈസ്ക്കൂൾ ആസാദ് കച്ചറമുക്ക് കളരിക്കണ്ടി റോഡ്.

10. കൊടുവള്ളി പാപ്പനാൽ കരീറ്റ പറമ്പ നടമ്മൽ കടവ് നാഗാളി കടവ് റോഡ്.

11. കളരാന്തിരിപട്ടിണിക്കര നെല്ലാംകണ്ടി ആവിലോറ കാപ്പറമ്മൽ ചോയിമഠം. ആനപ്പാറപാടത്തുംകുഴി പുന്നൂർ റോഡ്.

12. പയ്യാംമ്പലശ്ശേരി മടവൂർമുക്ക് റോഡ്.

(ബി ആന്റ് സി) മേൽപ്പറഞ്ഞ റോഡുകളിൽ 11-ൽ പറയുന്ന കളരാന്തിരി പട്ടിണിക്കര നെല്ലാങ്കണ്ടി ആവിലോറ കപ്പറമ്മൽ ചോയിമഠം ആനപ്പാറ പാടത്തും കുഴി പുന്നൂർ റോഡിൽ 3 കി.മീ. ഭാഗം ടാറിംഗ് പണി തുടങ്ങിയിട്ടുണ്ട്. ശേഷിക്കുന്ന ഭാഗത്തിന്റെ വികസനത്തിനും, മറ്റു റോഡുകളുടെ വികസനത്തിനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ഡി) 1. പുന്നൂർ നരിക്കുന്നി റോഡ് (പുന്നകൾ നരിക്കുന്നി നെല്ലിയോരിത്താഴം പട്ടയാട്ടുത്താഴം പുന്നശ്ശേരി റോഡ്)

2. കളരാന്തിരി പട്ടിണിക്കര നെല്ലാങ്കണ്ടി ആവിലോറ കപ്പറമ്മൽ ചോയിമഠം ആനപ്പാറപാടത്തംകുഴി പുന്നകർ റോഡ്.

(ഇ) നടമ്മൽക്കടവ് പാലം.

(എഫ്) പ്രസ്തുത പാലത്തിന്റെ നിർമ്മാണം നബാർഡ് ധനസഹായത്തോടെ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ഇതിനായി ഈ പാലം നബാർഡ് ധനസഹായത്തിനുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തി ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. അനുമതി ആയിട്ടില്ല.

(ജി) പാലത്തിന്റെ നിർമ്മാണത്തിനുള്ള ഡിസൈനും വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കി സാങ്കേതികാനുമതി നൽകി നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ടെൻഡർ ചെയ്യുന്നതാണ്.

മാവൂർ-കട്ടാങ്ങൽ റോഡിലെ ഉണങ്ങിയ മാവു മുറിക്കുന്ന നടപടി

150 [2221] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂർ-കട്ടാങ്ങൽ റോഡിൽ അടുവാട് എ.എൽ.പി. സ്കൂളിന് സമീപമുള്ള റോഡിൽ ഉണങ്ങിയ മാവ് മുറിച്ചുമാറ്റണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മാവ് ആവശ്യപ്പെട്ടുകൊണ്ട് മാവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ പി.റ്റി.എ. കമ്മിറ്റിയുടെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly